"ഭരണഭാഷ- മാതൃഭാഷ"

Break the chain

കേരള സർക്കാർ

**സംഗ്രഹം**

സംസ്ഥാന സർക്കാരിന്റെ ഒന്നാം വാർഷികം - ഏപ്രിൽ ആദ്യവാരം കണ്ണൂരിൽ തുടങ്ങി മെയ് അവസാനം തിരുവനന്തപുരത്ത് സമാപിക്കുന്ന തരത്തിൽ ആറ് കോർപ്പറേഷൻ കേന്ദ്രങ്ങളിൽ വിപുലമായും ഇതര ജില്ലാ കേന്ദ്രങ്ങളിൽ പരിമിതപ്പെടുത്തിയും വിവര- പൊതുജന സമ്പർക്ക വകുപ്പിന്റെ നേതൃത്വത്തിൽ പ്രദർശനം സംഘടിപ്പിക്കുന്നതിന് ഭരണാനുമതി നൽകിയും ഇതോടനുബന്ധിച്ചിട്ടുള്ള നിർദേശങ്ങൾ പുറപ്പെടുവിച്ചും ഉത്തരവാകുന്നു.

---

**ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് (സി) വകുപ്പ്**

സ.ഉ.(കൈ) നം.4/2022/I&PRD തീയതി,തിരുവനന്തപുരം, 18-02-2022

---

**ഉത്തരവ്**

സംസ്ഥാന സർക്കാർ അധികാരത്തിലേറി ഒരു വർഷം പൂർത്തിയായിട്ടുള്ള സാഹചര്യത്തിൽ സംസ്ഥാന സർക്കാരിന്റെ ഒന്നാം വാർഷികത്തോടനുബന്ധിച്ച് പ്രദർശന വിപണനമേള സംഘടിപ്പിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ട്. സംസ്ഥാന സർക്കാരിന്റെ ഒന്നാം വാർഷികത്തോടനുബന്ധിച്ച് 2022 ഏപ്രിൽ ആദ്യവാരം കണ്ണൂരിൽ തുടങ്ങി മെയ് അവസാനം തിരുവനന്തപുരത്ത് സമാപിക്കുന്ന തരത്തിൽ ആറ് കോർപ്പറേഷൻ കേന്ദ്രങ്ങളിൽ വിപുലമായും ഇതര ജില്ലാ കേന്ദ്രങ്ങളിൽ പരിമിതപ്പെടുത്തിയും വിവര- പൊതുജന സമ്പർക്ക വകുപ്പിന്റെ നേതൃത്വത്തിൽ പ്രദർശനമേള സംഘടിപ്പിക്കുന്നതിന് ഭരണാനുമതി നൽകി ഉത്തരവാകുന്നു. ഇതിനായുള്ള നിർദേശങ്ങൾ ചുവടെ ചേർക്കുന്നു.

സർക്കാരിന്റെ ഒരു വർഷത്തെ നേട്ടങ്ങളും സംസ്ഥാനം രാജ്യത്തെ മികച്ച നിലവാരത്തിലെത്തിയതിന്റെ ചരിത്രവും, നേടിയ അംഗീകാരങ്ങളും ഉൾപ്പെടുത്തിയും വിവിധ വകുപ്പുകളുടെ പ്രവർത്തനം പൊതു ജനങ്ങൾക്ക് എപ്രകാരം ഉപയുക്തമാകുന്നു എന്ന് ചിത്രീകരിച്ചും ഉള്ള പ്രദർശനമാണ് സംഘടിപ്പിക്കേണ്ടത്. ജനങ്ങളെ ആകർഷിക്കാൻ വിനോദ- വാണിജ്യ പരിപാടികളും പ്രദർശനത്തിൽ ഉൾപ്പെടുത്തേണ്ടതാണ്.

ഏപ്രിൽ ആദ്യവാരം കണ്ണൂരിൽ തുടങ്ങി മെയ് അവസാനം തിരുവനന്തപുരത്ത് അവസാനിക്കുംവിധം പ്രദർശനം ആസൂത്രണം ചെയ്യേണ്ടതാണ്. ഇതിന്റെ നടത്തിപ്പിനായി ചുവടെ പറയുന്ന സമിതികൾ രൂപീകരിച്ചും ഉത്തരവാകുന്നു.

**എ) പോളിസി കമ്മിറ്റി**

പ്രദർശനത്തിൽ ഉൾപ്പെടുത്തേണ്ട വിഷയങ്ങളും ആശയങ്ങളും രൂപപ്പെടുത്തുക ഈ കമ്മിറ്റിയുടെ ഉത്തരവാദിത്തമായിരിക്കും.

ഐ & പിആർ ഡി ഡയറക്ടർ (കൺവീനർ), സാംസ്കാരിക വകുപ്പ് ഡയറക്ടർ, കൃഷി വകുപ്പ് ഡയറക്ടർ, കൺവീനർ നിർദേശിക്കുന്ന മറ്റ് അംഗങ്ങൾ എന്നിവർ ഈ കമ്മിറ്റിയിൽ അംഗങ്ങളായിരിക്കും.

**ബി) സംസ്ഥാനതല സ്റ്റിയറിംഗ് കമ്മിറ്റി**

ചുമതല: പരിപാടിയുടെ ആശയങ്ങൾക്കുള്ള അംഗീകാരവും സംസ്ഥാനതല സംഘാടന മേൽനോട്ടവും

ഐ & പിആർഡി ഡയറക്ടർ (കൺവീനർ) , പൊതുഭരണ വകുപ്പ് സെക്രട്ടറി, ധനവകുപ്പ് സെക്രട്ടറി, പ്ലാനിങ് സെക്രട്ടറി, പ്രദർശനത്തിൽ പങ്കെടുക്കുന്ന വകുപ്പുകളുടെ മേധാവികൾ, കെ എസ് ഐ ഡി സി എം ഡി, കൺവീനർ നിർദേശിക്കുന്ന മറ്റ് അംഗങ്ങൾ എന്നിവർ ഈ കമ്മിറ്റിയിൽ അംഗങ്ങളായിരിക്കും .

പ്രവർത്തന സൗകര്യാർത്ഥം വിവിധ വിഭാഗങ്ങൾ രൂപീകരിച്ച് സ്റ്റിയറിംഗ് കമ്മിറ്റി മേൽനോട്ടം നിർവഹിക്കേണ്ടതാണ്.

**സി) മേളയുടെ സംഘാടക സമിതി**

അതാത് ജില്ലയുടെ ചുമതലയുള്ള മന്ത്രി അധ്യക്ഷനായി ഓരോ പ്രദർശന കേന്ദ്രത്തിലും സംഘാടക സമിതി രൂപീകരിക്കേണ്ടതാണ്. ജില്ലയിലെ മറ്റു മന്ത്രിമാർ, പ്രദർശനം നടക്കുന്ന സ്ഥലത്തെ മേയർ/നഗരസഭാധ്യക്ഷൻ, ജില്ലാ പഞ്ചായത്ത് അധ്യക്ഷൻ, സ്ഥലം എം എൽ എ എന്നിവർ രക്ഷാധികാരികളായിരിക്കും.

ജില്ലാ കളക്ടർ (ചെയർമാൻ), ഐ&പിആർഡി റീജിയണൽ ഡെപ്യൂട്ടി ഡയറക്ടർ (വൈസ് ചെയർമാൻ), ജില്ലാ ഇൻഫർമേഷൻ ഓഫീസർ (കൺവീനർ), മേളയിൽ പങ്കെടുക്കുന്ന വകുപ്പുകളുടെയും അനുബന്ധ വകുപ്പുകളുടെയും ജില്ലാ മേധാവികൾ എന്നിവരും ചെയർമാൻ ഉൾപ്പെടുത്തുന്ന മറ്റു പേരുകളും ഈ സമിതിയിൽ ഉണ്ടാകും.

**മറ്റ് നിർദേശങ്ങൾ**

1. മേളയുടെ നടത്തിപ്പിനുള്ള തുക വിവര പൊതുജനസമ്പർക്കവകുപ്പിന്റെ "2220-01-001-96 സ്പെഷ്യൽ പിആർ ക്യാംപെയിൻ" പ്ലാൻ ശീർഷകത്തിൽ നിന്നും കണ്ടെത്തേണ്ടതാണ്.

2. ഇൻഫ്രാസ്ട്രക്ച്ചർ ഒരുക്കുന്നതിനുള്ള സഹായവും ചുമതലയും കിഫ്ബി നിർവഹിക്കേണ്ടതാണ്.

3. മേളയിൽ വിവിധ സർക്കാർ വകുപ്പുകളുടെയും പൊതുമേഖലാ സ്ഥാപനങ്ങളുടെയും പങ്കാളിത്തം ഉറപ്പാക്കേണ്ടതാണ്. മേളയിൽ പങ്കെടുക്കുന്ന സർക്കാർ വകുപ്പുകൾക്കും സ്ഥാപനങ്ങൾക്കും സ്റ്റാളുകൾ സജ്ജമാക്കുന്നതിനും അനുബന്ധചെലവുകൾക്കുമായി നിശ്ചിത തുക അവരവർക്ക് അനുവദിച്ചിട്ടുള്ള ബഡ്ജറ്റ് വിഹിതത്തിൽ നിന്നും ചെലവഴിക്കുന്നതിനും അനുമതി നൽകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
**കെ ആർ ജ്യോതിലാൽ**
**പ്രിൻസിപ്പൽ സെക്രട്ടറി**

പ്രിൻസിപ്പൽ സെക്രട്ടറി, പൊതുഭരണ വകുപ്പ്
അഡീഷണൽ ചീഫ് സെക്രട്ടറി, ധനകാര്യ വകുപ്പ്
അഡീഷണൽ ചീഫ് സെക്രട്ടറി, ആസൂത്രണവും സാമ്പത്തികകാര്യവും വകുപ്പ്
ഡയറക്ടർ, ഐ & പി.ആർ.ഡി
ഡയറക്ടർ, അഗ്രിക്കൾച്ചർ , വികാസ് ഭവൻ, തിരുവനന്തപുരം
ഡയറക്ടർ, സാംസ്കാരിക കാര്യ വകുപ്പ് , തിരുവനന്തപുരം

സ.ഉ.(കൈ) നം.4/2022/I&PRD

ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ , കിഫ്ബി , ഫെസിലിറ്റി സ്ക്വയർ, മഹാത്മാഗാന്ധി റോഡ്, തിരുവനന്തപുരം 695001

മാനേജിംഗ് ഡയറക്ടർ, കെ എസ് ഐ ഡി സി , കെസ്റ്റോൺ റോഡ് , കവടിയാർ , തിരുവനന്തപുരം

എല്ലാ ജില്ലാ കളക്ടർമാർക്കും

എല്ലാ ജില്ലാ ഇൻഫർമേഷൻ ഓഫീസർമാർക്കും മേഖലാ ഡെപ്യൂട്ടി ഡയറക്ടർമാർക്കും

പൊതുഭരണ (എസ്.സി) വകുപ്പ് ( 17.02.2022 ലെ ഇനം നമ്പർ ............ പ്രകാരം)

സെക്രട്ടേറിയറ്റിലെ എല്ലാ വകുപ്പുകൾക്കും (ഇ ഓഫീസ് നോട്ടീസ് ബോർഡ് മുഖേന)

ഐ&പി.ആർ വകുപ്പ് ഡയറക്ടറേറ്റിലെ എല്ലാ ഡെപ്യൂട്ടി ഡയറക്ടർമാർക്കും ഇൻഫർമേഷൻ ഓഫീസർമാർക്കും

ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് (ബി) വകുപ്പ്

അക്കൌണ്ടന്റ് ജനറൽ ആഡിറ്റ്/(എ & ഇ), കേരള, തിരുവനന്തപുരം

സബ് ട്രഷറി ഓഫീസർ, തിരുവനന്തപുരം

കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

പകർപ്പ് : ബഹു.മുഖ്യമന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക് / പ്രസ് സെക്രട്ടറിക്ക്

ബഹു.ഐ&പി.ആർ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ സി.എ ക്ക്

**രഹസ്യം**

# കേരള സർക്കാർ

# മന്ത്രിസഭായോഗത്തിന്റെ നടപടിക്കുറിപ്പുകൾ

## തീയതി : 17-02-2022

ഫയൽ നം. സി2/13/2022/ഐ.&പി.ആർ. ഇനം നം: 555

വിഷയം : ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ് - സംസ്ഥാന സർക്കാരിന്റെ ഒന്നാം വാർഷികം - ആറ് കോർപ്പറേഷൻ കേന്ദ്രങ്ങളിലും തുടർന്ന് മറ്റു ജില്ലാകേന്ദ്രങ്ങളിലും പ്രദർശന വിപണന മേള സംഘടിപ്പിക്കുന്നത്.

തീരുമാനം : കുറിപ്പിലെ നിർദ്ദേശം അംഗീകരിച്ചു.

(ഒപ്പ്)
പിണറായി വിജയൻ
മുഖ്യമന്ത്രി
(ശരിപ്പകർപ്പ്)

ഡോ. വി പി ജോയ്
ചീഫ് സെക്രട്ടറി

പ്രിൻസിപ്പൽ സെക്രട്ടറി, ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ്.

**കേരള സർക്കാർ**

**(ശ്രീ. പിണറായി വിജയൻ മന്ത്രിസഭ )**

**മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പ്**

| | | |
|---|---|---|
| 1. | ഫയൽ നമ്പർ | സി2/13/2022/ഐ&പിആർ |
| 2. | വകുപ്പ് | ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് (സി) വകുപ്പ് |
| 3. | വിഷയം | സംസ്ഥാന സർക്കാരിന്റെ ഒന്നാം വാർഷികം - ആറ് കോർപ്പറേഷൻ കേന്ദ്രങ്ങളിലും തുടർന്ന് മറ്റു ജില്ലാകേന്ദ്രങ്ങളിലും പ്രദർശന വിപണന മേള സംഘടിപ്പിക്കുന്നത് - സംബന്ധിച്ച് |
| 4. | മന്ത്രിസഭായോഗത്തിൽ സമർപ്പിക്കാനുള്ള മുഖ്യമന്ത്രിയുടെ ഉത്തരവ് തീയതി | 14.01.2022 |
| 5. | (I) ഇത് സാമ്പത്തിക ബാധ്യതയുള്ളതാണോ? | ഉണ്ട് |
| | (ii) സാമ്പത്തിക ബാധ്യതയുള്ളതാണെങ്കിൽ ധനകാര്യ വകുപ്പുമായി ആലോചിച്ചിട്ടുണ്ടോ, ഉണ്ടെങ്കിൽ അവരുടെ അഭിപ്രായം മന്ത്രിസഭായോഗത്തിനുള്ള കുറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ | ഉണ്ട് |
| 6. | മറ്റേതെങ്കിലും വകുപ്പുമായി ആലോചിച്ചിട്ടുണ്ടോ ഉണ്ടെങ്കിൽ അവരുടെ അഭിപ്രായം മന്ത്രിസഭായോഗത്തിനുള്ള കുറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ ? | ഇല്ല |
| 7. | കുറിപ്പ് സമർപ്പിച്ച ഡെപ്യൂട്ടി സെക്രട്ടറിയുടെ പേര് | ശ്രീമതി. സീന എ. എൻ. |
| 8. | കുറിപ്പ് അംഗീകരിച്ച സെക്രട്ടറിയുടെ പേര് | ശ്രീ. കെ.ആർ. ജ്യോതിലാൽ |
| 9. | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് സെക്രട്ടറി അംഗീകരിച്ച തീയതി | 11/01/2022 |
| 10. | കുറിപ്പ് അംഗീകരിച്ച ചീഫ് സെക്രട്ടറിയുടെ പേര് | ഡോ. വി. പി. ജോയ് |
| 11. | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് ചീഫ് സെക്രട്ടറി അംഗീകരിച്ച തീയതി | 11/01/2022 |
| 12. | കുറിപ്പ് അംഗീകരിച്ച മന്ത്രിയുടെ പേര് | ശ്രീ പിണറായി വിജയൻ |
| 13. | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് മന്ത്രി അംഗീകരിച്ച തീയതി | 14/02/2022 |
| 14. | കുറിപ്പിന്റെ പകർപ്പുകൾ സമർപ്പിച്ച തീയതി | 14/02/2022 |
| 15. | മന്ത്രിസഭായോഗം തീരുമാനമെടുത്ത തീയതി | |
| 16. | തീരുമാനം പുറപ്പെടുവിച്ച സർക്കാർ ഉത്തരവ്/കത്തിന്റെ നമ്പറും തീയതിയും | |

## മന്ത്രിസഭായോഗത്തിനുള്ള കുറിപ്പ്

സംസ്ഥാന സർക്കാരിന്റെ ഒന്നാം വാർഷികത്തോടനുബന്ധിച്ച് ഏപ്രിൽ ആദ്യവാരം കണ്ണൂരിൽ തുടങ്ങി മെയ് അവസാനം തിരുവനന്തപുരത്ത് സമാപിക്കുന്ന തരത്തിൽ ആറ് കോർപ്പറേഷൻ കേന്ദ്രങ്ങളിൽ വിപുലമായും ഇതര ജില്ലാ കേന്ദ്രങ്ങളിൽ പരിമിതപ്പെടുത്തിയും വിവര- പൊതുജന സമ്പർക്ക വകുപ്പിന്റെ നേതൃത്വത്തിൽ പ്രദർശനം സംഘടിപ്പിക്കുന്നതിനുള്ള പ്രൊപ്പോസൽ അംഗീകാരത്തിനായി സമർപ്പിക്കുന്നു.

സർക്കാരിന്റെ ഒരു വർഷത്തെ നേട്ടങ്ങളും സംസ്ഥാനം രാജ്യത്തെ മികച്ച നിലവാരത്തിലെത്തിയതിന്റെ ചരിത്രവും, നേടിയ അംഗീകാരങ്ങളും ഉൾപ്പെടുത്തിയും വിവിധ വകുപ്പുകളുടെ പ്രവർത്തനം പൊതു ജനങ്ങൾക്ക് എപ്രകാരം ഉപയുക്തമാകുന്നു എന്ന് ചിത്രീകരിച്ചും ഉള്ള പ്രദർശനമാണ് ഉദ്ദേശിക്കുന്നത്. ജനങ്ങളെ ആകർഷിക്കാൻ വിനോദ - വാണിജ്യ പരിപാടികളും പ്രദർശനത്തിൽ ഉൾപ്പെടുത്തേണ്ടതുണ്ട്.

ഏപ്രിൽ ആദ്യവാരം കണ്ണൂരിൽ തുടങ്ങി മെയ് അവസാനം തിരുവനന്തപുരത്ത് അവസാനിക്കുംവിധം പ്രദർശനം ആസൂത്രണം ചെയ്യാവുന്നതാണ്. ഇതിന്റെ നടത്തിപ്പിനായി ചുവടെ പറയുന്ന സമിതികൾ രൂപീകരിക്കേണ്ടതുണ്ട്.

**എ) പോളിസി കമ്മിറ്റി**

പ്രദർശനത്തിൽ ഉൾപ്പെടുത്തേണ്ട വിഷയങ്ങളും ആശയങ്ങളും രൂപപ്പെടുത്തുക ഈ കമ്മിറ്റിയുടെ ഉത്തരവാദിത്തമായിരിക്കും.

ഐ & പിആർ ഡി ഡയറക്ടർ (കൺവീനർ), സാംസ്കാരിക വകുപ്പ് ഡയറക്ടർ, കൃഷി വകുപ്പ് ഡയറക്ടർ, കൺവീനർ നിർദേശിക്കുന്ന മറ്റ് അംഗങ്ങൾ എന്നിവർ ഈ കമ്മിറ്റിയിൽ അംഗങ്ങളായിരിക്കും.

**ബി) സംസ്ഥാനതല സ്റ്റിയറിംഗ് കമ്മിറ്റി**

<u>ചുമതല:</u> പരിപാടിയുടെ ആശയങ്ങൾക്കുള്ള അംഗീകാരവും സംസ്ഥാനതല സംഘാടന മേൽനോട്ടവും

ഐ & പിആർഡി ഡയറക്ടർ (കൺവീനർ) , പൊതുഭരണ വകുപ്പ് സെക്രട്ടറി, ധനവകുപ്പ് സെക്രട്ടറി, പ്ലാനിങ് സെക്രട്ടറി, പ്രദർശനത്തിൽ പങ്കെടുക്കുന്ന വകുപ്പുകളുടെ മേധാവികൾ, കെ എസ് ഐ ഡി സി എം ഡി, കൺവീനർ നിർ ദേശിക്കുന്ന മറ്റ് അംഗങ്ങൾ എന്നിവർ ഈ കമ്മിറ്റിയിൽ അംഗങ്ങളായിരിക്കും .

പ്രവർത്തന സൗകര്യാർത്ഥം വിവിധ വിഭാഗങ്ങൾ രൂപീകരിച്ചാകും സ്റ്റി .യറിംഗ് കമ്മിറ്റി മേൽനോട്ടം നിർവഹിക്കുക .

**സി) മേളയുടെ സംഘാടക സമിതി**

അതാത് ജില്ലയുടെ ചുമതലയുള്ള മന്ത്രി അധ്യക്ഷനായി ഓരോ പ്രദർശന കേന്ദ്രത്തിലും സംഘാടക സമിതി രൂപീകരിക്കാവുന്നതാണ്. ജില്ലയിലെ മറ്റു മന്ത്രിമാർ,

പ്രദർശനം നടക്കുന്ന സ്ഥലത്തെ മേയർ /നഗരസഭാധ്യക്ഷൻ, ജില്ലാ പഞ്ചായത്ത് അധ്യക്ഷൻ, സ്ഥലം എം എൽ എ എന്നിവർ രക്ഷാധികാരികളായിരിക്കും.

ജില്ലാ കളക്ടർ (ചെയർമാൻ), ഐ&പിആർഡി റീജിയണൽ ഡെപ്യൂട്ടി ഡയറക്ടർ (വൈസ് ചെയർമാൻ), ജില്ലാ ഇൻഫർമേഷൻ ഓഫീസർ (കൺവീനർ), മേളയിൽ പങ്കെടുക്കുന്ന വകുപ്പുകളുടെയും അനുബന്ധ വകുപ്പുകളുടെയും ജില്ലാ മേധാവികൾ എന്നിവരും ചെയർമാൻ ഉൾപ്പെടുത്തുന്ന മറ്റു പേരുകളും ഈ സമിതിയിൽ ഉണ്ടാകും.

1. മേളയുടെ നടത്തിപ്പിനുള്ള തുക വിവര പൊതുജനസമ്പർക്കവകുപ്പിന്റെ "2220-01-001-96 സ്പെഷ്യൽ പിആർ ക്യാംപെയിൻ " പ്ലാൻ ശീർഷകത്തിൽ നിന്നും കണ്ടെത്താവുന്നതാണ്.
2. ഇൻഫ്രാസ്ട്രക്ച്ചർ ഒരുക്കുന്നതിനുള്ള സഹായവും ചുമതലയും കിഫ്ബിയോട് അഭ്യർത്ഥിക്കാവുന്നതാണ്.
3. വിവിധ വകുപ്പുകളുടെ പങ്കാളിത്തം ഉറപ്പാക്കുന്നതിനും ഇ തിനായി നിശ്ചിത തുക ചെലവഴിക്കാനുമുള്ള അനുവാദം നൽകാവുന്നതാണ് .

മേൽ നിർദ്ദേശങ്ങളിൽ ഉത്തരവിനായി സമർപ്പിച്ചപ്പോൾ ധനകാര്യ വകുപ്പ് മന്ത്രി കണ്ട് മന്ത്രിസഭയുടെ പരിഗണനയ്ക്ക് സമർപ്പിക്കാൻ ബഹു. മുഖ്യമന്ത്രി ഉത്തരവായിരുന്നു.

നിർദ്ദേശങ്ങൾക്ക് ബഹു. ധനകാര്യ വകുപ്പ് മന്ത്രിയുടെ അംഗീകാരമുണ്ട്.

**<u>തീരുമാനിക്കേണ്ട വിഷയം</u>**

മുകളിൽ സൂചിപ്പിട്ടിട്ടുള്ള നിർദ്ദേശങ്ങളും വിശദാംശങ്ങളും അംഗീകരിക്കാമോ ?